LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ മേഖലയിലെ ഇടപെടലുകൾ

23(*23) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക, വ്യവസായ മേഖലകളിൽ വൈദ്യുതി ലഭ്യതയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അടിസ്ഥാന സൗകര്യ വികസനമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച നടപ്പിലാക്കിവരുന്നു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ച പദ്ധതിയാണ് ദ്യുതി 2021. സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ പ്രസരണ നഷ്ടം കുറയ്ക്കുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, കേരളത്തിലേയ്ക്കുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ മേഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ പദ്ധതി ചെലവിൽ വിഭാവനം ചെയ്ത് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ചു കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് വിതരണ മേഖലയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിയാണ് ഇ-സേഫ്. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ശ്രമിച്ചതിന്റെ ഫലമായി ഇടമൺ - കൊച്ചി 400 കെ.വി. പ്രസരണ ലൈനിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

പുഗല്ലൂർ - മാടക്കത്തറ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന്റെയും നിർമ്മാണം പൂർത്തീകരിക്കാനായി. ഇതുവഴി ഇറക്കുമതി ശേഷിയിൽ ഏകദേശം 2000 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാനായി. ഇതിനു പുറമേ ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും പ്രവൃത്തികൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സൗര പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലൈൻ പട്രോൾ നടത്തിയും വിവിധ സെക്ഷനുകളായി ലൈൻ ഐസൊലേറ്റ് ചെയ്തും ടെസ്റ്റ് ചാർജ് ചെയ്തും മറ്റും തകരാർ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ പെട്ടെന്ന കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ, SMS മൂലവും തകരാറുണ്ടായ സ്ഥലം GIS മാപ്പ് വഴിയും അറിയിച്ച്, പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11 kv- 7250, 33kv- 150) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസരണ ശൃംഖലയുടെ നിരീക്ഷണത്തിനും കേടുപാടുകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനുമായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

പുതിയ വ്യവസായങ്ങൾക്ക് സഹായം

24(*24) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറാകുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?